# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.46 26-04-2017-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.എ.എൻ. ഷംസീർ
ശ്രീ.കെ. സുരേഷ് കുറുപ്പ്
ശ്രീ.ഐ.ബി. സതീഷ്
ശ്രീ.ജോർജ്ജ് എം. തോമസ്

ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സ്വർണ്ണ വിനിമയത്തിലും പണം കൈമാറുന്നതിലും വരുത്തിയ അശാസ്ത്രീയമായ നിയന്ത്രണങ്ങൾ**

| | | |
|---|---|---|
| (എ) | സ്വർണ്ണ വിനിമയത്തിലും പണം കൈമാറുന്നതിലും കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ള അശാസ്ത്രീയമായ നിയന്ത്രണങ്ങൾ സംസ്ഥാനത്തെ സമ്പദ്ഘടനയെ ഏത് വിധത്തിൽ ബാധിക്കുന്നുവെന്ന് വിശകലനം ചെയ്തിട്ടുണ്ടോ ; | സ്വർണ്ണ വിനിമയത്തിലും പണം കൈമാറുന്നതിലും കേന്ദ്ര സർക്കാർ ഏർപ്പെട്ടത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സംസ്ഥാന സമ്പദ്ഘടനയെ ഏത് വിധത്തിൽ ബാധിക്കുന്നുവെന്ന് സർക്കാർ തലത്തിൽ വിശകലനം ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത നിയന്ത്രണങ്ങൾ സംസ്ഥാന സമ്പദ്ഘടനയുടെ സുപ്രധാന മേഖലകളെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്നതിനാൽ ചുവടെ ചേർക്കുന്ന ഭവിഷ്യത്തുകൾ പ്രതീക്ഷിക്കുന്നുണ്ട്:<br>1. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യ ബന്ധനം, കയർ, കൈത്തറി, കശുവണ്ടി,കൃഷി, തോട്ടങ്ങൾ തുടങ്ങിയ പലമേഖലകളിലും പൂർണ്ണമായും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ പുതിയ നിയന്ത്രണങ്ങൾ സാരമായി ബാധിക്കും.<br>2. നോട്ട് ലഭ്യത കൂടുതൽ ആവശ്യമായ മേഖലകളായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഗതാഗതം എന്നിവയും കഴിഞ്ഞ കുറച്ചുവർഷങ്ങളായി മാന്ദ്യം നേരിടുകയായിരുന്ന കാർഷിക മേഖലയും ഈ നയം മാറ്റത്തിന്റെ നേരിട്ടുള്ള |

| | | |
|---|---|---|
| | | ആഘാതമേറ്റുവാങ്ങേണ്ടിവരും.<br>3. നിർമ്മാണ-ഗതാഗത-സംഭരണ മേഖലകളുടെ തിരിച്ചുവരവ് ഇനിയും താമസിച്ചേക്കും.<br>4. പുതിയ നിയന്ത്രണങ്ങൾ സാമ്പത്തിക പ്രവർത്തനത്തിലുണ്ടാക്കിയേക്കാവുന്ന മന്ദത ,സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വരാവുന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടാക്കിയേക്കാവുന്ന തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിലുണ്ടാക്കിയേക്കാവുന്ന കുറവ് എന്നിവ കാരണം തനതു നികുതി വരുമാനത്തിൽ പ്രതീക്ഷിക്കുന്ന വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്. |
| (ബി) | ബാങ്കിംഗ് ഇടപാടുകൾ നിർബന്ധമാക്കിയ കേന്ദ്ര സർക്കാർ നയങ്ങളുടെ ഫലമായി ഇത്തരം ഇടപാടുകളിലേയ്ക്ക് തിരിഞ്ഞ സാധാരണ ജനങ്ങളെ ബാങ്കുകൾ സേവന നിരക്ക് ഈടാക്കി ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ വേണ്ട നടപടിയെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ; | കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. |
| (സി) | നോട്ട് നിരോധനത്തിന്റെ വിപരീതഫലം നേരിടാൻ വേണ്ട ധനസഹായം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ? | നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. തൻനിമിത്തം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ